(ബി) ചോദ്യം ഉദിക്കുന്നില്ല.

വിവിധ മതസ്ഥാപനങ്ങൾ ഗവൺമെന്റ് ഭൂമിയിൽ സ്ഥാപിച്ചിട്ടുള്ള ആരാധനാലയങ്ങൾ

3 (600) ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ മതസ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ വിദ്യാലയങ്ങൾ എന്നിവ സ്ഥാപിച്ചു നടത്തി വരുന്ന ഗവൺമെന്റ് വക ഭൂമിയുടെ വിവരങ്ങൾ ഗവൺമെന്റ് ശേഖരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള ഏർപ്പാടുണ്ടാക്കുമോ ;

(സി) ഇത്തരം ഭൂമികളിൽ നിന്ന് ഗവൺമെന്റിന് എന്തെങ്കിലും നികുതിയോ മറ്റ് വരുമാനമോ ലഭിക്കുന്നുണ്ടോ ;

(ഡി) ഇത്തരം ഭൂമികൾക്ക് ന്യായവില നിശ്ചയിച്ച് ബന്ധപ്പെട്ട മതസ്ഥാപനങ്ങൾക്ക് നൽകുന്നിതിനോ ടി ഭൂമികൾക്ക് പട്ടയം നൽകുന്നതിനോ നടപടിയെടുക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

പുരാവസ്തു വകുപ്പിന്റെ സംരക്ഷണയിലുള്ള മടവൂർപ്പാറ ഗുഹാക്ഷേത്രം

4 (601) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം താലൂക്കിൽ അയിരൂപ്പാറ വില്ലേജിൽ റിസർവ്വേ കഴിഞ്ഞ് ഭൂരേഖകൾ പ്രസിദ്ധീകരിച്ചതും, അതിന്മേലുള്ള അപ്പീലും പരാതികളും പരിഹരിച്ചതും ഏതേതുവർഷങ്ങളിലാണെന്ന് പറയുമോ ;

(ബി) ഈ വില്ലേജിൽ ബ്ലോക്ക് നം. 12-ൽ റിസർവ്വേ 233/1-ൽ പുരാവസ്തു വകുപ്പിന്റെ സംക്ഷണയിലുള്ള മടവൂർപ്പാറ ഗുഹാക്ഷേത്രം ഉൾപ്പെടുന്ന എത്ര ഹെക്ടർ സ്ഥലം സർക്കാർ ഭൂമിയായി ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാർ ഭൂമിയിൽ നിന്നും സംരക്ഷിത സ്മാരകവും പാറയും പ്രതിമാസ റീസർവ്വേ അദാലത്തിൽ ഏതെങ്കിലും സ്വകാര്യ വ്യക്തിയുടെ പേരിൽ ഉൾപ്പെടുത്തി നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അത് ആരുടെ പേരിലാണെന്നും, എത്ര സ്ഥലമാണെന്നും പറയുമോ ; ഈ സ്വകാര്യവ്യക്തിക്ക് ഈ പേരിലോ മറ്റൊരുടെയെങ്കിലും പേരിലോ ഇതിനോട് ചേർന്ന് ഭൂമിയുണ്ടോ ;

(ഇ) റീസർവ്വേ രേഖകൾ പ്രസിദ്ധീകരിക്കുമ്പോൾ എത്ര സ്ഥലമാണ് ഈ വ്യക്തിക്ക് ഉണ്ടായിരുന്നതെന്നും അത് ഏതു പേരിലാണെന്നും, ആവശ്യമായ രേഖയുടെ അടിസ്ഥാനത്തിലാണോ ഇതു നൽകിയതെന്നും പറയുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) റീസർവ്വേയിലെ അപ്പീലും പരാതിയും അനുസരിച്ച് ഇതേ വ്യക്തിക്ക് ഇവിടെ കൂടുതൽ സ്ഥലം ഉൾപ്പെടുത്തി നൽകിയിട്ടുണ്ടോ എന്നും എങ്കിൽ ഏതു പേരിൽ എത്ര സ്ഥലമാണെന്നും എന്തു രേഖയുടെ അടിസ്ഥാനത്തിലാണ് നൽകിയതെന്നും വ്യക്തമാക്കുമോ ;

(ജി) റീസർവ്വേ പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് ഈ സ്വകാര്യ വ്യക്തിക്ക് ഇവിടെ എത്ര സ്ഥലത്തിന് പട്ടയമുണ്ടായിരുന്നുവെന്നും എത്ര സ്ഥലത്തിനാണ് കരം ഒടുക്കിവന്നിരുന്നതെന്നും വ്യക്തമാക്കുമോ ;

(എച്ച്) അപ്പീലും പരാതി പരിഹരിച്ചതിനു ശേഷമാണോ സംരക്ഷിത സ്മാരകത്തെ 233/11-ാം നമ്പരായി പ്രത്യേക ഭൂരേഖാ മാപ്പുണ്ടാക്കി ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ ;

(ഐ) എങ്കിൽ ഈ ക്രമക്കേടിന് ഉത്തരവാദികളായവരുടെമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഈ സർക്കാർ വക സ്വത്തുകൾ സംരക്ഷിക്കാൻ എന്തു നടപടി കൈക്കൊണ്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) അയിരൂപ്പാറ വില്ലേജിലെ റീസർവ്വേ റിക്കാർഡുകൾ കേരള സർവേ അതിരടയാള നിയമം സെക്ഷൻ 9 (2) പ്രകാരം 19-12-1984-ൽ പ്രസിദ്ധീകരിച്ച് അപ്പീലുകൾ സ്വീകരിക്കുകയും 14-2-1989-ൽ നടപടികൾ പൂർത്തിയാക്കി സെക്ഷൻ 13 അനുസരിച്ച് റവന്യൂ ഭരണത്തിന് 1-6-1994-ൽ കൈമാറിയിട്ടുള്ളതുമാണ്. റവന്യൂ ഭരണത്തിന് കൈമാറിയ ടി തീയതിക്ക് മുമ്പുള്ള ആധാരപ്രകാരം ഉള്ള മാറ്റങ്ങൾ അദാലത്ത് പ്രകാരം നടപടി എടുത്തു വരികയും ചെയ്യുന്നു.

(ബി) 7.0210 ഹെക്ടർ ഭൂമിയുണ്ട്.

(സി) ഉണ്ട്.

(ഡി&ഇ) 1. അയിരൂപ്പാറ വില്ലേജിൽ ബ്ലോക്ക് 12-ൽ റീസർവ്വേ 233/11-ാം നമ്പർ സബ് ഡിവിഷനിൽ (0.2475 ഹെക്ടർ) അയിരൂപ്പാറ വില്ലേജിൽ ഇടത്തറ മുറിയിൽ മംഗലത്ത് വീട്ടിൽ മാധവൻപിള്ള മകൻ ശേഖരൻ നായർ.

2. 233/12-ാം സബ് ഡിവിഷൻ (0.1285 ഹെക്ടർ) നാരായണൻ മകൻ നടരാജൻ കുളക്കോട്ടു കോണത്ത് തെക്കുംകര പുതുവൽ പുത്തൻവീട് അലിനേറമുറി അയിരൂപ്പാറ വില്ലേജ്.

3. 233/13 (0.0270 ഹെക്ടർ) അലിനേറ മുറിയിൽ പൊയ്കയിൽ വീട്ടിൽ രാഘവൻ മകൻ ഗിരീശൻ.

4. 233/15 (0.0245 ഹെക്ടർ) അലിനേറ മുറിയിൽ പൊയ്കയിൽ വീട്ടിൽ രാഘവൻ മകൻ ഗിരീശൻ

5. 233/4 (0.0160 ഹെക്ടർ) ജെ. സ്നേഹലത ഇടവനകോണത്ത് പുതുവൽ പുത്തൻവീട് - കാട്ടായിക്കോണം.

LIBRARY ARCHIVES Kerala Legislative Assembly

6. റീസർവ്വെ 233/8-.0.1550, 231/8ൽ 0.0530 ഹെക്ടർ ഭൂമി കൈവശം ഉണ്ട്. സ്വാമി സത്യാനന്ദ സരസ്വതി ചേങ്കോട്ടുകോണം ശ്രീരാമദാസമഠം ശ്രീനീലകണ്ഠപുരം എന്ന പേരിലാണ് നൽകിയിരുന്നത്. റീസർവ്വേ റിക്കാർഡുകൾ ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്.

(എഫ്) ഉണ്ട്. അദാലത്ത് പ്രകാരം എസ്.എ.4656/95 അനുസരിച്ച് റീസർവ്വേ 233/11-ന് 0. 2475 ഹെക്ടർ ഭൂമി നൽകിയിട്ടുണ്ട്. (ടി മാധവൻപിള്ള മകൻ ശേഖരൻ നായർ) ചങ്ങനാശ്ശേരി എസ്. ആർ. ഒ. യിലെ 3555/1966 നമ്പർ വിലയാധാര പ്രകാരം.

(ജി) മുൻ സർവ്വേ നമ്പർ 1103/22-ൽ 0.1320 ഹെക്ടർ. മുൻ സർവ്വേ 1103/21-ൽ 0.0760 ഹെക്ടർ മുൻ സർവ്വേ 905/2ൽ 0.0121 ഹെക്ടർ ഉൾപ്പെടെ 0.2201 ഹെക്ടർ ഭൂമി കരം ഒടുക്കിയതായി കാണുന്നു. (റ്റി. പി. നം. 5478)

(എച്ച്) ആണ്.

(ഐ) റീസർവ്വേ അദാലത്ത് സർവ്വേ ചെയ്ത ഫസ്റ്റ് ഗ്രേഡ് സർവേയർ ശ്രീ. ബി. രാമചന്ദ്രൻ നായരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ. എ. ഗോപാലകൃഷ്ണൻ നായർ, എച്ച്. എസ്സ് (റിട്ടയേർഡ്) ശ്രീ. ബി. രാമചന്ദ്രൻ നായർ (റിട്ടയേർഡ്) സർവ്വേ സൂപ്രണ്ട് എന്നിവരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നുണ്ട്. സർക്കാർവക സ്വത്തുകൾ സംരക്ഷിക്കാൻ ഊർജ്ജിത നടപടികൾ കൈക്കൊണ്ടുവരുന്നു.

അയിരൂപ്പാറ വില്ലേജിലെ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകം

5 (602) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം താലൂക്കിലെ അയിരൂപ്പാറ വില്ലേജിൽ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകം ഉൾപ്പെടുന്ന എത്ര ഹെക്ടർ സ്ഥലം സർക്കാർ വകയായി ഉണ്ടെന്നും അത് ഏതെല്ലാം സർവ്വേ നമ്പരുകളിലാണെന്നും പറയുമോ ;

(ബി) ഈ സ്ഥലം സർക്കാർ റവന്യൂ പുറമ്പോക്ക് ഭൂമിയായി നിജപ്പെടുത്തിയപ്പോൾ എത്ര ഹെക്ടർ ഉണ്ടായിരുന്നുവെന്നും ഏതു കാലത്താണ് നിജപ്പെടുത്തിയതെന്നും പറയുമോ ;

(സി) ഈ ഭൂമിയിൽ നിന്നും പുരാവസ്തു വകുപ്പിന് എത്ര സ്ഥലം കൈമാറിയിട്ടുണ്ടെന്നും ബാക്കി എത്ര സ്ഥലം റവന്യൂ ഭൂമിയായി തുടരുന്നുണ്ടെന്നും പറയുമോ ;

(ഡി) ഇവിടത്തെ സർക്കാർ ഭൂമിയിൽ അനധികൃത കയ്യേറ്റങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എപ്പോഴാണ് കയ്യേറ്റങ്ങൾ സർക്കാർ കണ്ടെത്തിയതെന്നും പറയുമോ ;

LIBRARY ARCHIVES Kerala Legislative Assembly